(ബി) ആരാണ് പരാതി നൽകിയത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആർക്കെതിരെയാണ് അന്വേഷണം നടത്തുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണപരിധിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ?

**ഉത്തരം**

(എ) വനം വകുപ്പിൽ നിന്ന് തുടർച്ചയായി ഗവേഷണാനുമതി നൽകിയതുമായി ബന്ധപ്പെട്ട പരാതിയിൻമേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ ക്യൂ.വി.3/2013/എസ്.ഐ.യു-1 എന്ന സത്വരാന്വേഷണം നടന്നുവരുന്നു.

(ബി) ശ്രീ. ആർ. ബാലകൃഷ്ണപിള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 22-7-2013-ൽ പത്രറിപ്പോർട്ടുകളുടെ പകർപ്പുകൾ സഹിതം നൽകിയ പരാതിയിൻമേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ആവശ്യപ്പെട്ടതനുസരിച്ചാണ് സത്വരാന്വേഷണം നടക്കുന്നത്.

(സി) ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായ ആരോപണം സംബന്ധിച്ചാണ് അന്വേഷണം.

(ഡി) മുൻമുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകളും രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബയോടെക്നോളജിയിൽ ശാസ്ത്രജ്ഞയുമായ ഡോ. വി.വി. ആശയ്ക്ക് ഗവേഷണത്തിനായി 2001 മുതൽ വനം വകുപ്പിൽ നിന്നും 35 ലക്ഷം രൂപ പല തവണയായി അനുവദിച്ചു നൽകിയെന്നും എന്നിട്ടും തയ്യാറാക്കിയ പ്രബന്ധങ്ങളൊന്നും വനം വകുപ്പിൽ ലഭിച്ചിട്ടില്ലെന്നുള്ള ആരോപണം, വ്യക്തി താൽപ്പര്യങ്ങൾ മുൻനിർത്തി രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ ഡയറക്ടർ സ്ഥാനത്ത് പ്രൊഫസർ എം. രാധാകൃഷ്ണപിള്ളയെ തുടരാൻ അനുവദിക്കരുതെന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്.അച്യുതാനന്ദൻ കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പുമന്ത്രിക്ക് കത്തെഴുതിയതായുമുള്ള ആരോപണം എന്നിവയിലാണ് അന്വേഷണം നടക്കുന്നത്.

**വിജിലൻസിന് സ്വതന്ത്ര പദവി**

**231 (1901)** ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് വിഭാഗം പോലീസ് സേനയിൽ നിന്നും വേർപെടുത്തി സ്വതന്ത്ര സംവിധാനമാക്കുമോ ;

(ബി) മികച്ച ഭരണത്തിനും ഓഡിറ്റിംഗിനും പ്രാപ്തരായ ഉദ്യോഗസ്ഥ വിഭാഗത്തിന് കീഴിൽ പ്രസ്തുത സംവിധാനം പുനഃസംഘടിപ്പിക്കുമോ ;

(സി) പി.എസ്.സി.-യിലെ വിജിലൻസ് വിഭാഗം സർക്കാർ നിയന്ത്രണത്തിലാക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ സ്വതന്ത്ര അന്വേഷണ ഏജൻസിയായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. പോലീസിൽ നിന്നും ഇത് വേർപ്പെടുത്തിയിട്ടുണ്ട്.

(ബി) മികവുറ്റ ഉദ്യോഗസ്ഥ വിഭാഗത്തിന് കീഴിൽ തന്നെയാണ് നിലവിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തിച്ചു വരുന്നത്.

(സി) പരിഗണനയിലില്ല.

**കാസർഗോഡ് ജില്ലയിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകൾ**

**232 (1902)** ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ എത്ര കേസുകളിലാണ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ 8 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇവയിൽ ഒന്നിലും നിലവിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല.

**തിരുവനന്തപുരം ജില്ലയിലെ ജയിൽ വാർഡർമാരുടെ നിയമനം**

**233 (1903)** ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ ജയിൽ വാർഡൻമാരുടെ നിയമനത്തിനായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) നിലവിൽ വാർഡൻമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ബാക്കിയുള്ള വാർഡൻമാരുടെ ഒഴിവുകളിലേക്ക് പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻപേരെയും നിയമിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?